# 10th Kottayam District Senior Throwball Championship for men and women 2023-24

Venue: Carmel Public School, Madapally
Date: November 19, 2023

**Newspaper Cuttings**

## ത്രോബോൾ ചാമ്പ്യൻഷിപ്പ് വിജയികൾ

**കോട്ടയം**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ തെങ്ങണ ലാമാസിയ സ്പോർട്സ് അക്കാദമി കിരീടം നേടി. കടപ്ലാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമിയെയാണ് തോൽപ്പിച്ചത്. പുരുഷ വിഭാഗത്തിൽ ലാമാസിയ സ്പോർട്സ് അക്കാദമിയെ തോൽപ്പിച്ച് കടപ്ലാമറ്റം ജൂബിലി സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാരായി.

ചാമ്പ്യൻഷിപ്പ് മാടപ്പള്ളി പഞ്ചായത്തംഗം വിനയകുമാർ ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് അഡ്വ. എൻ പി മുഹമ്മദ് നിസാർ അധ്യക്ഷനായി. സിസ്റ്റർ കീർത്തന, ജോജിമോൻ ദേവസ്യ എന്നിവർ സംസാരിച്ചു. സ്കൂൾ മാനേജർ സിസ്റ്റർ സുജിത സമ്മാന ദാനം നടത്തി.

## സീനിയർ ജില്ലാ ത്രോബോൾ ചാംപ്യൻഷിപ്

മാടപ്പള്ളി ● സീനിയർ ജില്ലാ ത്രോബോൾ ചാംപ്യൻഷിപ് പുരുഷ വിഭാഗത്തിൽ ജൂബിലി സ്പോർട്സ് അക്കാദമിയും വനിത വിഭാഗത്തിൽ ലാമാസിയ സ്പോർട്സ് അക്കാദമിയും ചാംപ്യൻമാരായി.

പുരുഷ വിഭാഗം രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം ലാമാസിയ സ്പോർട്സ് അക്കാദമിയും ഗുഡ്ഷെപ്പേഡ് ത്രോബോൾ അക്കാദമിയും നേടി. വനിതാ വിഭാഗത്തിൽ മേരി മാതാ സ്പോർട്സ് അക്കാദമി, കഞ്ഞിക്കുഴി മൗണ്ട് കാർമൽ സ്കൂൾ എന്നിവർ രണ്ടും മൂന്നും സ്ഥാനം നേടി. പുരുഷൻമാരുടെ വിഭാഗത്തിൽ ടോം ജോയിയും, വനിതകളുടെ വിഭാഗത്തിൽ ജോസ്മി ജോഷിയും മികച്ച മത്സരാർഥികളായി തിരഞ്ഞെടുക്കപ്പെട്ടു.

ചാംപ്യൻഷിപ്പിന്റെ ഉദ്ഘാടനം മാടപ്പള്ളി പഞ്ചായത്തംഗം വിനയകുമാർ നിർവഹിച്ചു. ജില്ലാ ത്രോബോൾ അസോസിയേഷൻ പ്രസിഡന്റ് എം.പി.മുഹമ്മദ് നിസാർ അധ്യക്ഷത വഹിച്ചു.

കാർമൽ സ്കൂൾ മാനേജർ സിസ്റ്റർ സുജിത സമ്മാന വിതരണം നടത്തി. പ്രിൻസിപ്പൽ സിസ്റ്റർ കീർത്തന, അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ എന്നിവർ പ്രസംഗിച്ചു.

Scanned by TapScanner

## ത്രോബോൾ ചാംപ്യൻഷിപ് 18ന്

കോട്ടയം ● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 18ന് മാടപ്പള്ളി കാർമൽ പബ്ലിക് സ്കൂളിൽ നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ള ടീമുകൾ 15നു മുൻപായി www.throwballkerala.com എന്ന വെബ്‌വിലാസത്തിൽ റജിസ്റ്റർ ചെയ്യണം. ഫോൺ: 9497465690

## ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 18ന് മാടപ്പള്ളി കാർമൽ പബ്ലിക് സ്കൂളിൽ നടക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 15ന് മുമ്പ് www.throwballkerala.com എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യണം. ഫോൺ: 9497465690, 9072353391.